©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 9th December 2009<br>2009 ഡിസംബർ 9<br>18th Agrahayana 1931<br>1931 അഗ്രഹായനം 18 | No.<br>നമ്പർ | 2292 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

നമ്പർ 30655(2)/ഇഎം3/09/തസ്വഭവ. *തിരുവനന്തപുരം, 2009 ഡിസംബർ 9.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 91/94/എൽഎഡി നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (2)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം രൂപീകരിക്കുവാനും അതിന് (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

33/4246/2009/DTP.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽ നിന്നോ ഗ്രാമപഞ്ചായത്തുകളിൽനിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന വിലാസത്തിൽ മേൽപ്പറഞ്ഞ തീയതിക്കകം അയച്ചുതരേണ്ടതാണ്.

## പട്ടിക

| *ജില്ല* | *പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്ത്* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിൽ* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം* |
|---|---|---|---|
| (1) | (2) | (3) | (4) |
| കൊല്ലം | കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി |
| എറണാകുളം | തൃക്കാക്കര ഗ്രാമപഞ്ചായത്ത് | തൃക്കാക്കര | കാക്കനാട് |
| എറണാകുളം | ഏലൂർ ഗ്രാമപഞ്ചായത്ത് | ഏലൂർ | ഉദ്യോഗമണ്ഡൽ |
| എറണാകുളം | മരട് ഗ്രാമപഞ്ചായത്ത് | മരട് | മരട് |
| മലപ്പുറം | കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് | കോട്ടയ്ക്കൽ | കോട്ടയ്ക്കൽ |
| മലപ്പുറം | നിലമ്പൂർ ഗ്രാമപഞ്ചായത്ത് | നിലമ്പൂർ | നിലമ്പൂർ |
| കാസർഗോഡ് | നീലേശ്വരം ഗ്രാമപഞ്ചായത്ത് | നീലേശ്വരം | നീലേശ്വരം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. എം. വിജയാനന്ദ്,**
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.